"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്- M/s. KEL – ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL-EML), കാസറഗോഡ്, നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.53/2026/PPAD    തീയതി,തിരുവനന്തപുരം, 16-04-2026

---

പരാമർശം:- 1. 24.10.2024-ലെ സ.ഉ.(സാധാ) നം.114/2024/SPD.

2. M/s. KEL-EML-മാനേജിംഗ് ഡയറക്ടറുടെ 29.01.2026-ലെ MKT/EML/GOk-DG/62/2025-26 നമ്പർ കത്ത്.

### ഉത്തരവ്

M/s. KEL – ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL-EML), കാസറഗോഡ്, നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ സർക്കാർ/അർദ്ധ സർക്കാർ / പൊതുമേഖലാ / തദ്ദേശ സ്വയംഭരണ / സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 23.10.2025-ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെ കാലാവധി അടുത്ത ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം M/s. KEL – ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL-EML) മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ടെൻഡർ ഇളവ് നൽകേണ്ട ഡീസൽ ജനറേറ്റർ സെറ്റുകളുടെ വിലനിർണ്ണയത്തിനു വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന നിബന്ധനയോടെ, M/s. KEL–ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL-EML), കാസറഗോഡ്, നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ സർക്കാർ/അർദ്ധ

സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പൊതുവിപണിയിലെ നിരക്കിനേക്കാൾ അധികരിക്കാതെ, ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന്, **ഉത്തരവ് തീയതി മുതൽ ആറ് മാസത്തേയ്ക്ക്** സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :-
എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങൾ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളേയും അറിയിക്കുന്നതിന്).
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എറണാകുളം/കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, M/s. KEL – ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (KEL-EML) ബെദ്രഡ്ക്ക പോസ്റ്റ്, കാസറഗോഡ് - 671 124.
വ്യവസായ വകുപ്പ് (U.O.(F). IND-D1/223/2025-IND Part-1) പ്രകാരം.
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് പൊതുസംഭരണ ഉപദേശകകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ